"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി പ്രകാരം തയ്യാറാക്കിയ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് 10 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമില്ലാത്ത വീടോടുകൂടിയ വസ്തുവാങ്ങി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2071/2025/LSGD തീയതി,തിരുവനന്തപുരം, 20-08-2025

---

പരാമർശം:-

1. 16/07/2021-ലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ
2. 28/05/2022-ലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ
3. 08/07/2022-ലെ സ.ഉ.(കൈ) നം.146/2022/തസ്വഭവ
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.02.2025-ലെ LSGD/PD/36945/2024-SPMC1 നമ്പർ കത്ത്
5. 08.08.2025-ലെ സ.ഉ.(കൈ) നം.136/2025/തസ്വഭവ

**ഉത്തരവ്**

സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021 -ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

2. പരാമർശം (1) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്.

3. തുടർന്ന് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യകതികളേയും കുടുംബങ്ങളേയും അതിദരിദ്ര അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി പരാമർശം (3) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കുകയും ചെയ്തു.

4. ഭവന നിർമ്മാണത്തിനും, ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങി നൽകുന്നതിനും പ്രത്യേകം ധനസഹായം നൽകാൻ പരാമർശം (2) മാർഗ്ഗരേഖ ഖണ്ഡിക 6.7 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

5. മറ്റ് ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും,

3613 കുടുംബങ്ങൾക്ക് കൂടി വസ്തു കണ്ടെത്തി വീട് നിർമ്മാണത്തിന് ധനസഹായം നൽകേണ്ടതുണ്ട് എന്നും അങ്ങനെയുള്ള എല്ലാ കുടുംബങ്ങൾക്കും വസ്തു കണ്ടെത്തി വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് കാലതാമസം നേരിടുന്നതിനാലും അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട എല്ലാവരെയും 2025 നവംബർ 1-ന് മുമ്പ് അതിദാരിദ്ര്യത്തിൽ മോചിപ്പിയ്ക്കുന്ന തരത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിയ്ക്കേണ്ടതിനാലും ഈ കുടുംബങ്ങളിൽ താല്പര്യമുള്ളവർക്ക് 10 വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ഇല്ലാത്ത വീടുകൾ ഉൾപ്പെട്ട മൂന്ന് സെന്ററിൽ കുറയാത്ത ഭൂമി കണ്ടെത്തി നല്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. അതോടൊപ്പം, പരാമർശം (2) മാർഗ്ഗരേഖ ഖണ്ഡിക 6.7 പ്രകാരം വീടിനും സ്ഥലത്തിനും പ്രത്യേകമായി അനുവദിച്ചിട്ടുള്ള തുകകൾ കൂട്ടിച്ചേർത്ത് പരമാവധി 6 ലക്ഷം രൂപ ഗ്രാമ പഞ്ചായത്ത് പ്രദേശത്തും, 6.70 ലക്ഷം രൂപ മുനിസിപ്പാലിറ്റി പ്രദേശത്തും, 9.25 ലക്ഷം രൂപ കോർപ്പറേഷൻ പ്രദേശത്തും ഇപ്രകാരം വീടോടു കൂടിയ സ്ഥലം ഒരുമിച്ച് ലഭ്യമാക്കുന്നതിനായി അനുവദിക്കാവുന്നതുമാണ് എന്നും, ഗുണഭോക്താവ് ഉൾപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ വീടും സ്ഥലവും കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ തൊട്ടടുത്ത തദ്ദേശ സ്ഥാപനങ്ങളിൽ ആയത് കണ്ടെത്താവുന്നതാണ് എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

6 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ സമയബന്ധിത ലക്ഷ്യപൂർത്തീകരണം ഉറപ്പാക്കേണ്ടതുള്ളതിനാൽ, വസ്തു കണ്ടെത്തി വീട് നിർമ്മാണത്തിന് ധനസഹായം നൽകാൻ ബാക്കിയുള്ള അതിദരിദ്രകുടുംബങ്ങളിൽ താല്പര്യമുള്ളവർക്ക് 10 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമില്ലാത്ത വീടോടുകൂടിയ വസ്തു വാങ്ങി നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

i) കുറഞ്ഞത് 400 ചതുരശ്ര അടിയിൽ (37.16 ചതുരശ്ര മീറ്റർ) തറ വിസ്തീർണ്ണമുള്ള വീടോടു കൂടിയ വസ്തുവാണ് വാങ്ങേണ്ടത്.

ii) പ്ലോട്ടിലേക്ക് വഴി സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. പ്ലോട്ട് വെള്ളക്കെട്ട് ഉണ്ടാകുന്നതോ ചതുപ്പോ ആയിരിക്കരുത്. ഇക്കാര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

iii) കണ്ടെത്തുന്ന വീടുകൾക്ക് ലൈഫ് ഭവന പദ്ധതിയ്ക്ക് നിശ്ചയിച്ചിട്ടുള്ളതുപോലെ, വീടിന് അടുക്കള, ഡ്രോയിംഗ് കം ഡൈനിംഗ് റൂം, 2 കിടപ്പുമുറി, സെപ്റ്റിക് ടാങ്ക് ഉള്ള ടോയിലറ്റ് എന്നിവ ഉണ്ടായിരിക്കണം. വീടുകളുടെ മുൻ-പിൻ വാതിലുകൾ, പ്ലംബിംഗ് (ഒരു പോയിന്റ് ടോയിലറ്റ്, ഒരു പോയിന്റ് അടുക്കള), വയറിംഗ് (മിനിമം 3 പോയിന്റ്), ഫ്ലോറിംഗ് (സിമന്റ് കോൺക്രീറ്റ്) എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. അതോടൊപ്പം, ലൈഫ് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം വേണ്ട മറ്റ് എല്ലാ സൗകര്യങ്ങളും ഉണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

iv) വീടിന്റെ മേൽക്കൂര കോൺക്രീറ്റോ, ഗാൽവനൈസ്ഡ് സ്റ്റീലിലോ, തടിയിലോ തീർത്ത ഫ്രെയിമിൽ ഓട് പാകിയതോ ആയിരിക്കണം. ചോർച്ച ഉണ്ടായിരിക്കരുത്.

v) വീടിന് തദ്ദേശ സ്ഥാപനം കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതും, വീട് താമസയോഗ്യവുമാണെന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ

എഞ്ചിനീയറുടെ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

vi) നിലവിൽ ലൈഫ് ഭവന പദ്ധതിയിൽ ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി പരാമർശം (2) സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന ആകെ തുകയാണ് വീടോട് കൂടിയ വസ്തു വാങ്ങുന്നതിന് നൽകാവുന്നത്.

viii) പഴയ വീടാണ് വിലയ്ക്ക് വാങ്ങുന്നത് എന്നതിനാൽ പരാമർശം (5) ഉത്തരവ് പ്രകാരം സ്ഥലം വിലയ്ക്ക് വാങ്ങുന്ന സംഗതിയിൽ വർദ്ധിപ്പിച്ച നിരക്ക് ഈ ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ടതില്ല.

7. ഗുണഭോക്താക്കൾ ലൈഫ് മിഷന്റെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ നിലവിലെ രീതിയിൽ തന്നെ ലൈഫ് മിഷനും തദ്ദേശ ഭരണ സ്ഥാപനങ്ങളും വീടോട് കൂടിയ സ്ഥലം ലഭ്യമാക്കുന്നതിന് വിഹിതം അനുവദിക്കേണ്ടതും, വീടും സ്ഥലവും ലഭ്യമാക്കുന്ന മുറക്ക് പ്രസ്തുത ഗുണഭോക്താക്കളെ ലൈഫ് മിഷന്റെ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് (ഡി.എ1/86/2025/തസ്വഭവ)
23. തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്

24. ധന (വികസന) വകുപ്പ് (Dev 3/192/2025/Fin dt 12.08.2025)
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 21-08-2025 10:41:25

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്